**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 568** **13-10-2026-ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിലെ വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി .എം. എ. സമീർ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** മലപ്പുറം ജില്ലയിലെ വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി മലപ്പുറം കളക്ടറേറ്റിൽ ജില്ലയിലെ എം.എൽ.എ.മാരെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് വകുപ്പ് മന്ത്രിവിളിച്ചു ചേർത്ത യോഗത്തിൽ തിരൂരങ്ങാടി മണ്ഡലത്തിൽ നിന്നും സമർപ്പിക്കപ്പെട്ട നിവേദനങ്ങളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ഇനം തിരിച്ച് വിശദമാക്കാമോ;

**മറുപടി: 1. വെന്നിയൂർ 110 കെ.വി സബ്സ്റ്റേഷൻ**

നിലവിൽ വെന്നിയൂർ സബ്സ്റ്റേഷൻ 33/11kV 10 MVA സബ്സ്റ്റേഷനാണ്. പുതുതായി നിർമിക്കാൻ ഉദ്ദേശിക്കുന്ന 110/11kV, 25MVA സബ്സ്റ്റേഷനിലേക്കുള്ള ഫീഡിംഗ് നിലവിൽ നിർമ്മാണത്തിലിരിക്കുന്ന തിരൂർ പരപ്പനങ്ങാടി (MAT-Parappanangadi) 110kV ട്രാൻസ്മിഷൻ ലൈനിൽ നിന്ന് ടാപ്പ് ലൈൻ മുഖേനയാണ് വിഭാവനം ചെയ്തിട്ടുള്ളത്. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന തിരൂർ പരപ്പനങ്ങാടി (MAT- Parappanangadi) ലൈൻ കടന്നുപോകുന്ന ഭാഗത്ത് ഭൂരിഭാഗം സ്ഥലങ്ങളും വെള്ളക്കെട്ട് അനുഭവപ്പെടുന്ന പ്രദേശങ്ങളായതിനാൽ മഴക്കാലത്ത് ലൈൻ നിർമ്മാണം നടത്താൻ സാധിച്ചിരുന്നില്ല. ആയതിനാൽ പ്രസ്തുത ട്രാൻസ്മിഷൻ ലൈൻ നിർമ്മാണത്തിനുള്ള കാലാവധി 30.05.2027 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ടാപ്പിംഗ് പോയിന്റ് വരെയുള്ള പ്രധാന ട്രാൻസ്മിഷൻ ലൈൻ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് 110kV വെന്നിയൂർ സബ്സ്റ്റേഷനിലേക്കുള്ള ടാപ്പ് ലൈൻ നിർമ്മാണം ആരംഭിക്കാൻ സാധിക്കും. നിലവിൽ സബ്സ്റ്റേഷനിലേക്കുള്ള ടാപ്പ് ലൈൻ റൂട്ടിൻറെ സർവേയും സബ്സ്റ്റേഷന്റെ കോമ്പൗണ്ട് വാൾ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. വെന്നിയൂർ സബ്സ്റ്റേഷനിലേയ്ക്കുള്ള ലൈൻ റൂട്ട് അപ്രൂവലിന് വേണ്ടിയുള്ള പ്രവൃത്തികൾ ട്രാൻസ്മിഷൻ സർക്കിൾ ഓഫീസിൽ നടന്നു വരുന്നു.

വെന്നിയൂർ 33 കെ.വി സബ്സ്റ്റേഷൻ 110 കെ.വി ആയി ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങളും ലൈൻവർക്കുകളും ആരംഭിച്ചു. 220 കെ.വി-യുടെ കാര്യം പരിശോധിച്ചു വരുന്നു.

**2. ഓവർലോഡ് പ്രശ്നം**

പുതിയ സബ്സ്റ്റേഷൻ നിർമ്മിക്കലും ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കലും ഇവയുടെ കപ്പാസിറ്റി വർദ്ധിപ്പിക്കലും പരിശോധിച്ച് തീരുമാനമെടുക്കേണ്ടതാണ്.

**3. തിരൂരങ്ങാടി വെഞ്ചാലി 220 കെ.വി സബ്സ്റ്റേഷൻ**

സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

നിലവിലെ സാഹചര്യത്തിൽ 220kV ലൈൻ എത്തിക്കുക എന്നത് പ്രായോഗികമല്ലാത്തതിനാൽ തിരൂരങ്ങാടി മണ്ഡലത്തിലെ വെഞ്ചാലി പ്രദേശത്ത് പുതിയ 220kV സബ്സ്റ്റേഷൻ സ്ഥാപിക്കുന്നത് സാങ്കേതികമായി സാധ്യമല്ല. എന്നാൽ സമീപ പ്രദേശങ്ങളായ പരപ്പനങ്ങാടി, ചേളാരി എന്നീ സബ്സ്റ്റേഷനുകളിലെ ശേഷി വർധിപ്പിക്കുന്നതും അനുബന്ധ ട്രാൻസ്മിഷൻ വികസന പ്രവർത്തനങ്ങളും പൂർത്തിയാകുന്നതോടെ, തിരൂരങ്ങാടി മണ്ഡലത്തിലെ ട്രാൻസ്മിഷൻ മേഖലയുമായി ബന്ധപ്പെട്ട നിലവിലുള്ള വൈദ്യുതി വിതരണ പരിമിതികൾക്ക് ഗണ്യമായ പരിഹാരമുണ്ടാകുന്നതാണ്.

**4. തിരൂരങ്ങാടി സെക്ഷൻ ഓഫീസ് വിഭജനം**

**<u>5. പരപ്പനങ്ങാടി സെക്ഷൻ ഓഫീസ് വിഭജനം</u>**

സെക്ഷൻ ഓഫീസുകൾ വിഭജിക്കുന്ന വിഷയം ബന്ധപ്പെട്ട സെക്ഷൻ ഓഫിസുകളിലെ സ്ഥിതി വിവരകണക്കുകൾ പരിശോധിച്ച് ബോർഡ് തലത്തിൽ ഉചിതമായ തീരുമാനങ്ങൾ എടുക്കുന്നതാണ്.

**<u>6.ജീവനക്കാരുടെ നിയമനം</u>**

ഒഴിവുകൾ കണക്കാക്കി ജീവനക്കാരെ വിന്യസിപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വൈദ്യുതി ബോർഡ് തലത്തിൽ തീരുമാനിക്കുന്നതാണ്. താത്കാലികമായി ജീവനക്കാരെ വിന്യസിപ്പിച്ച് പ്രതിസന്ധി പരിഹരിച്ചു വരികയാണ്.

**<u>7.RDSS പദ്ധതി</u>**

RDSS പദ്ധതിയുടെ നിർമ്മാണ പുരോഗതി ഉന്നത ഉദ്യോഗസ്ഥ തലത്തിൽ കൃത്യമായി വിലയിരുത്തുകയും എത്രയും പെട്ടെന്ന് ജോലികൾ പൂർത്തിയാക്കുവാൻ കോൺട്രാക്ടർക്ക് കർശന നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

**<u>8. ദ്യുതി പദ്ധതി</u>**

ദ്യുതി പദ്ധതിയിൽ 2024-25 വർഷത്തെ പ്രവൃത്തികൾ ഊർജിതമായി നടന്നു വരുന്നു. 2025-26 വർഷത്തെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

**<u>9. ദ്യുതി സ്പെഷ്യൽ പദ്ധതി</u>**

തിരൂരങ്ങാടി മണ്ഡലം ഉൾപ്പെടെ തിരൂർ ഇലക്ട്രിക്കൽ സർക്കിളിനു കീഴിലുള്ള വിവിധ പ്രദേശങ്ങളിലായി 278 ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുന്ന, 2024-25 വർഷത്തെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**<u>10. മലപ്പുറം പാക്കേജ്</u>**

2024-25 വർഷത്തെ 792 കി മീ. LT ABC 70 Sq.mm. ഉപയോഗിച്ചുള്ള റീ കണ്ടക്ടറിങ് – കൺവേർഷൻ പ്രവൃത്തിയുടെ ടെൻഡർ Excess ആയതിനാൽ റീ ടെൻഡർ ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുകയാണ്. 2025-26, 2026-27 വർഷങ്ങളിലെ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരികയാണ്.

**<u>11. വെന്നിയൂർ IB നിർമ്മാണം</u>**

തിരൂരങ്ങാടി ഡിവിഷൻ ഓഫീസ് പ്രവർത്തിക്കുന്ന മിനിവൈദ്യുതി ഭവനത്തിൽ രണ്ടാം നില പണിത് അതിൽ കോൺഫറൻസ് ഹാൾ, റിക്കാർഡ് റൂം, റെസ്റ്റ് റൂം എന്നിവ സജ്ജീകരിക്കാനുള്ള നിർദ്ദേശം ഇതിനകം സമർപ്പിച്ചിട്ടുള്ളതാണ്. ഇത് ഇപ്പോൾ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികളിലാണ്.

ഇതിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കിയാൽ മാത്രമേ പഴയ സെക്ഷൻ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള രേഖകളും ഫയലുകളും രജിസ്റ്ററുകളുമെല്ലാം അവിടുന്ന് മാറ്റി പ്രസ്തുത കെട്ടിടം തുടർപരിശോധനകൾക്കും അനുമതികൾക്കും വിധേയമായി ഇൻസ്പെക്ഷൻ ബംഗ്ലാവാക്കി മാറ്റുവാൻ സാധിക്കുകയുള്ളൂ.

**<u>12. കക്കാട് വെന്നിയൂർ HT ലൈൻ മാറ്റി സ്ഥാപിക്കൽ</u>**

കക്കാട് മുതൽ കോഴിച്ചെന വരെയുള്ള ജനവാസമേഖലയിലൂടെ കടന്നുപോകുന്ന തിരൂരങ്ങാടി HT ഫീഡർ ലൈനുകൾ Covered Conductor ഉപയോഗിച്ച് റീകണ്ടക്ടറിംഗ് ചെയ്യുന്ന പ്രവൃത്തിക്ക് PMU-വിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ട്. ആവശ്യമായ അനുമതികൾ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

കൂടാതെ, കക്കാട് മുതൽ വെന്നിയൂർ വരെയുള്ള HT ലൈനുകൾ ഹൈവേയിലേക്ക് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി ദ്യുതി 3 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതാണ്.

**<u>13. പാലച്ചിറമാട് ക്ലാരി നോർത്ത് AMLP സ്കൂൾ മുതൽ മേലെ കോഴിച്ചെന വരെയുള്ള HT ലൈൻ മാറ്റി സ്ഥാപിക്കണം</u>**

പ്രസ്തുത 11 കെ.വി. ലൈൻ എടരിക്കോട് സബ്സ്റ്റേഷനിൽ നിന്ന് തിരൂരങ്ങാടി, വെന്നിയൂർ പ്രദേശങ്ങളിലേക്ക് വൈദ്യുതി വിതരണം ചെയ്യുന്ന 11 കെ.വി. തിരൂരങ്ങാടി ഫീഡറിന്റെ കള്ളിക്കൽ വളപ്പ് മുതൽ പോസ്റ്റ് ഓഫീസ് എ.ബി വരെയുള്ള 400 മീറ്റർ ഭാഗമാണ്. 1981-ൽ എടരിക്കോട് സബ്സ്റ്റേഷനോടൊപ്പം തന്നെ സ്ഥാപിച്ചിട്ടുള്ളതാണ് ഈ ലൈനും. നിർമ്മാണ സമയത്ത് പ്രദേശത്ത് വീടുകളൊന്നും ഉണ്ടായിരുന്നില്ല. ലൈനിന്റെ സുരക്ഷാപരിശോധനകളും മരച്ചില്ലകൾ നീക്കം ചെയ്യുന്നത് ഉൾപ്പെടെയുള്ള എല്ലാ അറ്റകുറ്റപ്പണികളും യഥാസമയം നടത്തി വരുന്നതുമാണ്. ലൈനിന് നിലവിൽ അപകട സാധ്യതകളൊന്നും ഇല്ല. എന്നാൽ ഒരു വീട് പുനർനിർമ്മാണം നടത്തി പുതിയ ഭാഗങ്ങൾ കൂട്ടിച്ചേർത്തത് ലൈനിനു താഴെയായി കാണാൻ സാധിച്ചു. പ്രസ്തുത 11 കെ വി ലൈൻ NH വഴി മാറ്റുവാൻ 500 മീറ്റർ പുതിയ ലൈൻ വലിക്കേണ്ടതായി വരുന്നതാണ്.

**<u>14. പരപ്പനങ്ങാടി ചാപ്പപ്പടി തൈവളപ്പ് മുതൽപരപ്പനങ്ങാടി അങ്ങാടി വരെയുള്ള HT ലൈൻമാറ്റി സ്ഥാപിക്കൽ</u>**

പ്രസ്തുത ലൈൻ മുറിത്തോട് മുതൽ വളപ്പിൽ ഏരിയ വരെയുള്ള HT/ LT ABC OH ലൈൻ ആണ്. ഈ ലൈൻ ബീച്ച് ഭാഗത്തെ വീടുകൾക്ക് ഇടയിലൂടെയാണ് പോയിരുന്നത്. പ്രസ്തുത ലൈൻ മുൻ കാലത്ത് അലുമിനിയം കമ്പി ആയിരുന്നു. ദീർഘ കാലത്തെ പരാതിയെത്തുടർന്ന് ജനങ്ങളുടെ സുരക്ഷ മുൻനിർത്തി സ്വന്തം ഫണ്ട് ഉപയോഗിച്ച് 2021 ലാണ് ടി ലൈൻ എ.ബി.സി ലൈൻ ആക്കി മാറ്റിയത്. ഈ സ്ഥലത്തെ ലൈനിൽ മൂന്നു ട്രാൻസ്ഫോർമറുകൾ കൂടി ഉണ്ട്. ഇവിടെയുള്ള ട്രാൻസ്ഫോർമറും, HT ലൈനും മാത്രമേ ബീച്ച് റോഡിലേക്ക് മാറ്റി സ്ഥാപിക്കാൻ പറ്റുകയുള്ളൂ. നിരവധി വീടുകൾക്കുള്ള വൈദ്യുതി കണക്ഷൻ ഉള്ളതിനാൽ LT എ.ബി.സി ലൈൻ നിലവിലുള്ള സ്ഥലത്ത് നിന്നും മാറ്റി സ്ഥാപിക്കാൻ കഴിയില്ല.

HT ലൈനും, ട്രാൻസ്ഫോർമറും തൊട്ടടുത്തുള്ള പൊതു റോഡിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കും എസ്റ്റിമേറ്റ് തുക അടവാക്കുന്ന മുറയ്ക്ക് HT ലൈൻ തൊട്ടടുത്തുള്ള ബീച്ച് റോഡിലേക്ക് മാറ്റി സ്ഥാപിക്കാവുന്നതാണ്.

**<u>15. നന്നമ്പ്ര പഞ്ചായത്തിലെ ജനവാസ മേഖലയിലെ ചെറിയ അപകടമുണ്ടായ വൈദ്യുതി ലൈൻ കേബിൾ രൂപത്തിലേക്ക് മാറ്റണം</u>**

തിരൂരങ്ങാടി നിയോജക മണ്ഡലത്തിന് കീഴിൽ വരുന്നതും തിരൂരങ്ങാടി സെക്ഷൻ പരിധിയിലുമായ നന്നമ്പ്ര പഞ്ചായത്തിലെ കൊടിഞ്ഞി അൽ അമീൻ നഗർ ഊർപ്പായി റോഡിൽ നിന്നും ആരംഭിച്ച് (Post No:AN-28/2) ജനവാസ മേഖലകളിലൂടെ കടന്ന് പോവുന്ന ത്രീ ഫേസ് LT ലൈൻ നിലവിൽ കവചിതമല്ലാത്ത കമ്പി ഉപയോഗിച്ചാണ് വലിച്ചിട്ടുള്ളത്. പ്രസ്തുത ലൈൻ ഇടതൂർന്ന തെങ്ങിൻ തോട്ടത്തിലൂടെയും കവുങ്ങിൻ തോട്ടത്തിലൂടെയുമാണ് കടന്നുപോവുന്നത്. പ്രസ്തുത ലൈനിലെ ടച്ചിങ്ങുകൾ എല്ലാം തന്നെ Pre monsoon Maintenance-ന്റെ ഭാഗമായി എടുത്തിട്ടുണ്ട്. പ്രസ്തുത OH ലൈൻ എ.ബി.സി ലൈനാക്കി മാറ്റുന്നതിന് വേണ്ടി Dyuthi Special Package (2024-25) ൽ ഉൾപ്പെടുത്തുകയും (Work Code: CW-6578-202425-89) ഇതിന് ഭരണാനുമതിയും സാങ്കേതിക അനുമതിയും നൽകിയിട്ടുള്ളതുമാണ്. ഈ പ്രവൃത്തി ചെയ്യുന്ന മുറക്ക് ടി പ്രദേശത്തെ അപകടാവസ്ഥ പരിഹരിക്കാവുന്നതാണ്. ഈ പ്രദേശത്തിന്റെ തൊട്ടടുത്ത വിദ്യാനഗർ, സെൻട്രൽ ബസാർ എന്നീ ട്രാൻസ്ഫോർമറുകൾക്ക് കീഴിൽ വരുന്ന OH ലൈനുകൾ എല്ലാം തന്നെ 2025-26 സാമ്പത്തിക വർഷത്തിൽ എ.ബി.സി ലൈനാക്കി മാറ്റിയിട്ടുണ്ട്.

**(ബി)** തിരൂരങ്ങാടി എം.എൽ.എ പ്രസ്തുത യോഗത്തിൽ വൈദ്യുതി വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച പ്രൊപ്പോസലിൽ ഉൾപ്പെട്ട ഓരോ വിഷയത്തിലും സ്വീകരിച്ച നടപടികളും ഇവയുടെ ഫയലുകൾ ഇപ്പോൾ ഏത് വകുപ്പിലാണെന്നും ഫയൽ നമ്പറുകളും സഹിതം വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പ്രസ്തുത യോഗത്തിന്റെ തുടർനടപടികളും മറ്റും ഏത് രൂപത്തിലാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ നിന്നും എം.എൽ.എ നൽകിയ പ്രൊപ്പോസലിന്റെ തുടർനടപടികൾ സംബന്ധിച്ച വിശദവിവരങ്ങളും അവയിൽ സ്വീകരിച്ച നടപടികളും സംബന്ധിച്ച മറുപടി പ്രസ്തുത എം.എൽ.എ.ക്ക് ഇ-മെയിൽ (pmasameermla@gmail.com)മുഖേനയോ അല്ലാതെയോ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ലഭ്യമാക്കാമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** പ്രപ്പോസലിന്മേൽ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ ബഹു. എം.എൽ.എ യെ അറിയിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**